"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 19.02.2019-ൽ മരണപ്പെട്ട ശ്രീ.ഉത്തമൻ.വി.കെ.യുടെ ഭാര്യ ശ്രീമതി.ലേഖ എം- ന്റെ തസ്തിക മാറ്റത്തിനുള്ള അപേക്ഷ- സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു)വകുപ്പ്**

സ.ഉ.(കൈ) നം.33/2025/LSGD തീയതി,തിരുവനന്തപുരം, 15-02-2025

---

പരാമർശം :-

1. 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 04.02.2023 തീയതിയിലെ സ.ഉ(കൈ)നം.37/2023/LSGD നമ്പർ ഉത്തരവ്.
3. 22.12.2022 തീയതിയിലെ സ.ഉ(കൈ)നം.277/2022/തസ്വഭവ നമ്പർ ഉത്തരവ്.
4. ശ്രീമതി.ലേഖ.എം സമർപ്പിച്ച 10.09.2024 തീയതിയിലെ തസ്തിക മാറ്റത്തിനുള്ള അപേക്ഷ.

**ഉത്തരവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 19.02.2019-ൽ മരണപ്പെട്ട ശ്രീ.ഉത്തമൻ.വി.കെ.യുടെ ഭാര്യ ശ്രീമതി.ലേഖ എം-സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നതും ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ടി ആശ്രിതനിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2.ശ്രീമതി.ലേഖ.എം ആശ്രിതനിയമനത്തിനായുള്ള ടിയാന്റെ അപേക്ഷയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവ് വരാൻ സാധ്യതയില്ലാത്ത സാഹചര്യത്തിൽ നിയമനം ലഭിക്കാൻ കാലതാമസം നേരിടുമെന്നതിനാലും , ടിയാൾക്ക് 50 വയസ്സ് ആകുന്നതിനാലും സാനിറ്റേഷൻ വർക്കർ തസ്തികയിൽ പ്രവേശിക്കുന്നതിന് താല്പര്യമുണ്ടെന്ന് പരാമർശം (4)പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോർപ്പറേഷൻ, മുൻസിപ്പാലിറ്റികളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ജീവനക്കാർ വിരമിക്കുന്നത് മുഖേന വരുന്ന ഒഴിവുകളിൽ 283 തസ്തിക നിയമനം നടത്താതെ ഒഴിവാക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായ സാഹചര്യത്തിലും, വകുപ്പിൽ ജീവനക്കാരുടെ വിരമിക്കൽ മുഖേനയാണ് കൂടുതൽ ഒഴിവുകൾ വരുന്നതിനാലും, വിരമിക്കൽ ഒഴിവിൽ നിയമനം

നൽകരുതെന്നുള്ള ഉത്തരവ് ഉള്ളതിനാലും മുൻസിപ്പൽ കോമൺ സർവ്വീസിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനായുള്ള ഉത്തരവുകൾ നടപ്പാക്കുന്നതിന് അനന്തമായ കാലതാമസം നേരിടുന്നതിനും ഉത്തരവായ ജില്ലയിൽ നിയമനം നൽകുന്നതിനു സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ശ്രീമതി.ലേഖ എം സാനിറ്റേഷൻ വർക്കർ തസ്തികയിലേയ്ക്ക് ജോലി മാറ്റി നൽകുന്നതിന് സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്.

4.മേൽ സാഹചര്യത്തിൽ പരാമർശം (2) ഉത്തരവിൽ ഭേദഗതി വരുത്തി, കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 19.02.2019-ൽ മരണപ്പെട്ട ശ്രീ.ഉത്തമൻ.വി.കെ.യുടെ ഭാര്യ ശ്രീമതി.ലേഖ എം-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%- ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

5.ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ,എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ )/(ആഡിറ്റ്) കേരള, തൃശ്ശൂർ
സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ ,കൊച്ചി
ശ്രീമതി.ലേഖ എം (വെട്ടിപൊക്കുംപറമ്പിൽ ഹൗസ്, ഹൗസ് നം.12/260 New No:8/1875A,അറക്കപറമ്പ് റോഡ് കൂവപ്പാടം ,കൊച്ചിൻ-682002)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപൂരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 15-02-2025 16:55:12
സെക്ഷൻ ഓഫീസർ